(സി) അംഗൻവാടികളെ സാമൂഹ്യവിഭവ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് പാലക്കാട്, മലപ്പുറം ജില്ലകളിലെ 100 അംഗൻവാടികൾക്ക് കംപ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും 2002-03 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. ഈ സാമ്പത്തിക വർഷം 75 അംഗൻവാടി കേന്ദ്രങ്ങൾക്കായി 50,00,000 രൂപ (അൻപത് ലക്ഷം) വകയിരുത്തിയിട്ടുണ്ട്.

മൊകേരി ഗ്രാമപഞ്ചായത്തിൽ അംഗൻവാടികൾ സ്ഥാപിക്കാൻ നടപടി

30 [2067] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ അംഗൻവാടി ഇല്ലാത്ത വാർഡുകൾ ഉണ്ടോ ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ മൊകേരി ഗ്രാമപഞ്ചായത്തിലെ 4, 5 വാർഡ്, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡ്, പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡ് എന്നീ വാർഡുകളിൽ അംഗൻവാടികൾ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)യും(ബി)യും(സി)യും വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ് പ്രോജക്ടുകൾ

31 [2068] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട് :

(ബി) ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിന്റെ സ്വന്തമായ കെട്ടിടം പണി പൂർത്തിയായിക്കഴിഞ്ഞോ; എങ്കിൽ ഇതിന് മൊത്തം എത്ര രൂപ ചെലവഴിച്ചു ;

(സി) പ്രസ്തുത കെട്ടിടം പണിയുന്നതിന് സംസ്ഥാന ഗവൺമെന്റ് എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും കൂടുതൽ സഹായം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തീരുമാനമെടുത്തു എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly